(സി) അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വിജിലൻസ് വകുപ്പിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

69 (2192) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ. ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 32 ഒഴിവുകൾ.

(ബി) ഗ്രാമവികസന വകുപ്പിൽ അധികമായി കണ്ടെത്തിയ ക്ലറിക്കൽ തസ്തികകളിൽ നിന്നും 337 പേരെ പുനർവിന്യാസം വഴി പഞ്ചായത്തു വകുപ്പിലേക്ക് നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതിനാൽ തത്ക്കാലം ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ടു ചെയ്യുവാൻ നിർവ്വാഹമില്ല.

സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കാൻ നടപടി

70 (2193) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാഷണൽ ഹൈവേ 47-ൽ കൊട്ടിയം ജംഗ്ഷനിൽ മയ്യനാട് പഞ്ചായത്തിൽപ്പെട്ട നാഷണൽ ഹൈവേയിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചു വരുന്നു.

പുറമ്പോക്കുവഴിയിൽ റോഡു നിർമ്മിക്കുന്നതു സംബന്ധിച്ച്

71 (2194) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുംകുളം ഗ്രാമപഞ്ചായത്തിൽ, പഞ്ചായത്ത് പുറമ്പോക്ക് വഴിയിൽ ഡോക്ടർ അംബേദ്കർ റോഡു മുതൽ ചാനൽക്കരവരെ റോഡ് നിർമ്മിക്കാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly